(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ /റ്റി.വി.എം.ജി.പി.8 /1935 /2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,തിയതി. 15.11.2016,
ഫോൺ നം. 0471-2331231, Email.lfadtvm@tahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് **(**സെക്രട്ടറി മുഖേന**),**

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി തോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

പ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു രേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ**,**

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ /റ്റി.വി.എം.ജി.പി.**8 /1935 /2016** തീയതി**. 15.11.2016.**

<u>തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ **2015-16**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.02.2016 മുതൽ 17.06.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13. അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2016 മുതൽ 28.10.2016 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.സുരേഷ് കുമാർ.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സജി.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര് |
| ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.നവനീത് ബി.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.പയസ് | 01.04.2015 മുതൽ 30.09.2015 വരെ | ആർക്ക് വീട്, അഞ്ചുതെങ്ങ് |
| | ശ്രീമതി. ക്രിസ്റ്റി സൈമൺ | 19.11.2016മുതൽ 31.03.206 വരെ | പുതുവൽ പുരയിടം, അഞ്ചുതെങ്ങ് |
| സെക്രട്ടറി | ശ്രീമതി.എൻ.ലിസി | 01.04.2015 മുതൽ 30.05.2015 വരെ | ഉത്രാടം, പുരവൂർ, ചിറയിൻകീഴ് |
| | ശ്രീ.എസ്.ബാലാനന്ദൻ | 31.05.2015 മുതൽ 21.07.2015 വരെ (അഡീ. ചാർജ്ജ്) | ശിവകൃപ,<br>മാമം, |

| | | | |
|---|---|---|---|
| | | | ആറ്റിങ്ങൽ |
| | ശ്രീമതി.ടി.കെ.ബീന | 21.07.2015 മുതൽ 29.02.2016 വരെ | അശ്വതി, LIC കോളനിക്ക് സമീപം, പോങ്ങുംമൂട്, മെഡിക്കൽ കോളേജ് പി.ഒ |
| | ശ്രീ.എസ്.ബാലാനന്ദൻ | 01.03.2016 മുതൽ 31.03.2016 വരെ (ഫുൾ അഡീ. ചാർജ്ജ്) | ശിവകൃപ, മാമം, ആറ്റിങ്ങൽ |

നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | ശ്രീമതി.എൻ.ലിസി - [01.04.2015 മുതൽ 30.05.2015 വരെ] |
| | ശ്രീ.എസ്.ബാലാനന്ദൻ - [31.05.2015 മുതൽ 21.07.2015 വരെ (അഡീ.ചാർജ്ജ്)] |
| | ശ്രീമതി.ടി.കെ.ബീന - [21.07.2015 മുതൽ 29.02.2016 വരെ] |
| | ശ്രീ.എസ്.ബാലാനന്ദൻ - [01.03.2016 മുതൽ 31.03.2016 വരെ (ഫുൾഅഡീ. ചാർജ്ജ്)] |
| അസി. എഞ്ചിനീയർ | ശ്രീമതി.ഷൈനഹാഷിം - [01.04.2015 മുതൽ 31.03.2016 വരെ] |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശ്യാംജി വോയ്സ് - [01.04.2015 മുതൽ 31.03.2016വരെ] |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷീജ സദാനന്ദ് - [01.04.2015 മുതൽ 30.05.2015 വരെ]<br>ഡോ.സാബു.ആർ - [31.05.2015 മുതൽ 31.03.2016 വരെ] |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷീജ അഷ്റഫ് - [01.04.2015 മുതൽ 31.03.2016 വരെ] |
| വെറ്റിനറി സർജൻ | ഡോ.രശ്മി.ടി.എസ് - [01.04.2015 മുതൽ 31.03.2016 വരെ] |
| വി.ഇ.ഒ | ശ്രീ.ബിനുപ്രസാദ്.എസ് - [01.04.2015 മുതൽ 02.08.2015 വരെ]<br>ശ്രീമതി.സിനി.എസ്.എസ്-[03.08.2015മുതൽ31.03.2016 വരെ] |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സെബാസ്റ്റ്യൻ.ജെ - [01.04.2015 മുതൽ 31.03.2016 വരെ] |
| കൃഷി ഓഫീസർ | ശ്രീ.എൻ.ചിത്തരഞ്ചൻ - [01.04.2015 മുതൽ 31.03.2016 വരെ] |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഉഷാകുമാരി.ആർ -[01.04.2015 മുതൽ 31.03.2016 വരെ] |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |
| 11 | ക്യാഷ്ബുക്ക് പരിപാലനം | 1.11 | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |
| | **ഭാഗം -2** | | |
| 13 | തൊഴിൽ നികുതി പിരിവ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. | 2.1 | |
| 14 | ഡി & ഒ ലൈസൻസ് - പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു വിരുദ്ധമായി ഫീസ് ഈടാക്കി. | 2.2 | |
| | **ഭാഗം -3** | | |
| 15 | ഭവനപദ്ധതി (ജനറൽ) സ്പിൽ ഓവർ - 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3.1 | |
| 16 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - തുക ചെലവഴിച്ചിട്ടും മരുന്ന് ലഭിച്ചില്ല - 70,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3.2 | |
| 17 | മത്സ്യ തൊഴിലാളികൾക്ക് വല വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററും, മോണിറ്ററിംഗ് റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല. | 3.3 | |
| 18 | പദ്ധതിനിർവ്വഹണവും മോണിറ്ററിംഗും-പദ്ധതി രൂപീകരണത്തിനു മാത്രമായി തുക ചെലവഴിച്ചു - ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു | 3.4 | |
| 19 | ശുചിത്വമിഷൻ ഫണ്ട് ലാപ്സായി - പഞ്ചായത്തിന്റെ അനാസ്ഥ | 3.5 | |
| 20 | ആശ്രയ പദ്ധതി - അനാസ്ഥമൂലം പദ്ധതി പാളുന്നു. | 3.6 | |
| | **ഭാഗം -4** | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4.2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |

| | | | |
|---|---|---|---|
| 24 | വായ്പ തിരിച്ചടവ് | 4.4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 26 | ഓഡിറ്റ് റിക്കവറി | 4.6 | |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 28 | ആശുപത്രി വികസന സമിതിയുടെ കണക്കുകൾ | 4.8 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4.9 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.10 | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ് -

| 2015-16 ലെ ബജറ്റ് പാസാക്കിയ നം./തീയതി | പുതുക്കിയ നം./തീയതി |
|---|---|
| തീരുമാനം നം. I / 24.03.2015 | - |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | ₹15368729/- |
| വരവ് | ₹ 20882514/- |
| ആകെ | ₹ 36251243/- |
| ചെലവ് | ₹ 34221658/- |
| നീക്കിയിരുപ്പ് | ₹ 2029585/- |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1684977 (1042790+ 642187) | 1900362 + 7557250 | 11142589 | 11142589 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 817894 | 775000 | 1592894 | 1592894 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 12000 | 12000 | 12000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2003871 | 2000502 | 4004373 | 4004373 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 648199 | 2849757 | 3497956 | 3497956 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 1180694 | 4878539 | 6059233 | 6059233 | 0 |
| ലോക ബാങ്ക് സഹായം | 6032841 | 322483 | 6355324 | 6355324 | 0 |

## 1-6 പദ്ധതി അവവോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|
| 99 | 62 | 5 | 31 | 62.6% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 18 | 8324451 | 7264046 | |
| അസി.സെക്രട്ടറി | 11 | 6 | 2644050 | 1012500 | |
| അസി.എഞ്ചിനീയർ | 41 | 25 | 16866165 | 6823338 | |
| കൃഷി ഓഫീസർ | 4 | 4 | 662300 | 499800 | |
| വെറ്ററിനറി സർജൻ | 3 | 2 | 768750 | 106250 | |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1 | 1 | 640000 | 630300 | |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 400000 | 400000 | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 70000 | 70000 | |
| വി.ഇ.ഒ. | 5 | 4 | 8207100 | 4485487 | |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 480000 | 144000 | |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 5 | 4 | 1918670 | 1878466 | |
| എച്ച്.എം.ഗവ.എൽ.പി.എസ്. | 2 | 0 | 73894 | 0 | |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷികമേഖലയിലെയും മത്സ്യബന്ധന മേഖലയിലെയും പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതും പശ്ചാത്തല മേഖലയിലെയും പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പാക്കേണ്ടതുമാണ്.ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തി പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും അംഗീകാരം ലഭിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ കുറവുള്ളതായി കാണുന്നു. കെട്ടിട നികുതിയിൽ മുൻവർഷത്തേക്കാൾ 2,39,991/- രൂപയുടെ കുറവുള്ളതും അരിയർ ഡിമാന്റായ 6,28,919/-രൂപയിൽ 1,89,874/- രൂപ മാത്രമേ പിരിച്ചെടുക്കാ നായുള്ളൂ (4,39,045/-രൂപ കുറവ്) എന്നുള്ളതും ഗൗരവമായി കണക്കാക്കേണ്ടതാണ്. ആയതിനാൽ കെട്ടിട നികുതിയിലെ വരുമാനക്കുറവും വിനോദനികുതി, പരസ്യനികുതി എന്നിവയിലെ വരുമാനമില്ലായ്മയും ഗൗരവമായി ശ്രദ്ധിച്ച് ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+/_) |
|---|---|---|---|---|
| നികുതി വരവുകൾ | 1492607 | 1194819 | 297788 | |
| നികുതിയേതര വരവുകൾ | 12650 | 15250 | -2600 | |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 0 | 0 | 0 | |
| ആകെ | 1505257 | 1210069 | 295188 | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | ഇല്ല | - | - | - |
| 2 | തൊഴിൽരഹിത വേതനം | 12 | 7 | 5 | - |
| 3 | വിധവാ പെൻഷൻ | 95 | 81 | ഇല്ല | - |
| 4 | വികലാംഗ പെൻഷൻ | 27 | 23 | 1 | - |
| 5 | 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 3 | 3 | ഇല്ല | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 385 | 343 | 4 | രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരിഹരിക്കാവുന്നതാണ് |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016 രാവിലെ 10.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 211/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം -

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.09.2016 മുതൽ 26.09.2016 വരെ | 08/2016 | ലഭിച്ചിട്ടില്ല | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2008-09 മുതൽ 2012-13 വരെ | ലഭ്യമല്ല | - |

## 1-11 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിർവ്വണോദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ (ശ്രീ.ബിനു പ്രസാദ്) മേൽ ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി ക്യഷ് ബുക്ക് ഗ്രാമപഞ്ചായത്തിൽ കണ്ടെത്തുവാനായിട്ടില്ലാത്തതുമാണ്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

### ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി പിരിവ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ I-1 ഷെഡ്യൂൾ പ്രകാരം ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഇനത്തിൽ 55000/- രൂപയുടെയും എംപ്ലോയീസിന്റെ തൊഴിൽ നികുതിയായി 644865/- രൂപയുടെയും ഡിമാന്റ് ചെയതിട്ടുള്ളതാണ്. RP 43 പ്രകാരം ട്രേഡേഴ്സിന്റെ തൊഴിൽ നികുതി (തന്നാണ്ട്) ഇനത്തിൽ 47650/- രൂപയും കുടിശിക ഇനത്തിൽ 10380/- രൂപയും വരവുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് കണക്കാക്കി ഡിമാന്റ് ചെയ്യുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. വിശദീകരണം അവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.7) ട്രേഡേഴ്സിന്റെ തൊഴിൽ നികുതി നിർണ്ണയിക്കുവാൻ കഴിയുകയില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ആയതിനാൽ 1994ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 20 (ബി), കേ.പ.രാജ് നിയമം 205 (ബി) മുതൽ 205 (എഫ്) വരെയും 1996 ലെ കേ.പ.രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10.13 എന്നിവ പ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളെ കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി ഡിമാന്റ് നോട്ടീസ് നൽകി വസൂലേക്കേണ്ടതുമാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായ തൊഴിൽ നികുതി കുടിശികയില്ലാതെ യഥാസമയം പിരിച്ചെടുക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 2-2 ഡി & ഒ ലൈസൻസ് - പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു വിരുദ്ധമായി ഫീസ് ഈടാക്കി.

ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്രമ നം.29 പ്രകാരം അഞ്ചുതെങ്ങ് ക്ഷീരോത്പാദന സംഘം സെക്രട്ടറിയിൽ നിന്ന് 2005/- രൂപയാണ് ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത്, എന്നാൽ 28.03.2015 തീയതിയായി അഞ്ചുതെങ്ങ് ക്ഷീരോത്പാദന സംഘം സെക്രട്ടറി സമർപ്പിച്ച കത്തിൽ തങ്ങളുടെ ഡി & ഒ ലൈസൻസ് ഫീസ് 3005/-രൂപ ആണെന്നും ഇത് നിശ്ചയിച്ചത് വളരെ അധികമാണെന്നും പരാതിപ്പെട്ടിരിക്കുന്നു. എന്നാൽ ടി പരാതിയിൽ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി 13.4.2015 ൽ ഫീസ് കുറയ്ക്കേണ്ടതില്ല [തീരുമാനം നം. IV(3)] എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. എന്നിട്ടും അഞ്ചുതെങ്ങ് ക്ഷീരോത്പാദന സംഘത്തിൽ നിന്നും 2005/- രൂപയാണ് ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത്, 1000/- രൂപ ഫീസിനത്തിൽ കുറവ് വന്നത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭവനപദ്ധതി (ജനറൽ) സ്പിൽ ഓവർ - 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ SO 068/15-16 എന്ന് പ്രോജക്ട് പ്രകാരം വീട് നിർമ്മാണത്തിന് വികസനഫണ്ടിൽ (ജനറൽ) 383857/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 394587/- രൂപയും പ്രത്യേക ഗ്രാന്റിൽ നിന്നും 261556/- രൂപയും (ആകെ 10,40,000/-രൂപ) വകയിരുത്തുകയും 8,60,000/-രൂപ ചെലവഴി ക്കുകയും ചെയ്തിട്ടുള്ള താണ്. ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ബിൽ നം.1/VEO/ANG/ 15-16 dt.30.06.2015 പ്രകാരം പിൻവലിച്ച 3,00,000/- രൂപയുടെയും ബിൽ നം.2/VEO/ANG/15-16 dt.30.06.2015 പ്രകാരം പിൻവലിച്ച 1,00,000/-രൂപയുടെയും പി.ഒ.സിയുടെയും പകർപ്പുകളല്ലാതെ ടിയാന്റെ കാലയളവിലെ ക്യാഷ് ബുക്കുൾപ്പെടെ യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ (എൻക്വയറി നം. 6) മുൻ വി.ഇ.ഒ ആയിരുന്ന ശ്രീ.ബിനു പ്രസാദ് നിലവിലെ വി.ഇ.ഒ-യെ പ്രസ്തുത രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിരുന്നെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. 2014-15കാലയളവിൽ ടിയാൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ രേഖകൾ ഹാജരാക്കാത്തതിനാൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച 83,70,000/- രൂപ തടസ്സപ്പെടുത്തുകയും ടിയാനെതിരെ വകുപ്പ് തല അന്വേഷണത്തിന് ശുപാർശ ചെയ്തിരുന്നതുമാണ് (ഓഡിറ്റ് റിപ്പോർട്ട് നം.കെ.എസ്.എ.ടി.വി.എം.ജി. പി.8/1082/2016 തീയതി. 30.06.2016). 2014-15 മുതൽ 2015-16വരെ രേഖകളില്ലാതെ ടിയാൻ ചെലവഴിച്ചിട്ടുള്ള തുക 87,70,000/- രൂപയാണെന്നുള്ളത് ഗൗരവമായി കണക്കിലെടുക്കേണ്ടതും മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സർക്കാരിന്റെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - തുക ചെലവഴിച്ചിട്ടും മരുന്ന് ലഭിച്ചില്ല - 70,000/- രൂപ തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ 018/15-16 എന്ന് പ്രോജക്ട് പ്രകാരം ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നം.35/15-16പ്രകാരം 70,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോ കോപ്പറേറ്റിവ് സൊസൈറ്റിക്ക് 12.12.2015 ൽ ഡി.ഡി. നൽകുകയും കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.5) മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണ്. ആയതിനാൽ മരുന്നു വാങ്ങുന്നതിനുള്ള 70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

### 3-3 മത്സ്യ തൊഴിലാളികൾക്ക് വല വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററും,മോണിറ്ററിംഗ് റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ 22/15-16 എന്ന് പ്രോജക്ട് പ്രകാരം മത്സ്യതൊഴിലാളികൾക്ക് വല വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും 4,80,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ 1,44,000/- രൂപ ഈയിനത്തിൽ ചെലവഴിച്ചു. (ബിൽ നം .1/15-16 28.03.16) യൂണിറ്റ് ഒന്നിന് 8,000/- രൂപ നിശ്ചയിട്ടുള്ളതിൽ 4,000/- രൂപ ഗുണഭോക്തൃ വിഹിതവും 4,000/- രൂപ വികസനഫണ്ടിൽ നിന്നുമാണ് ചെലവാക്കിയിട്ടുള്ളത്. 36ഗുണഭോക്താക്കൾക്കാണ് വല വിതരണം ചെയ്തിട്ടുള്ളത്. 'വ്യാസ' സ്റ്റോറു വഴി വിതരണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.1, തീയതി 22.10.2016) സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് റിപ്പോർട്ടും തയ്യാറാക്കി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 3-4 പദ്ധതിനിർവ്വഹണവും മോണിറ്ററിംഗം - പദ്ധതി രൂപീകരണത്തിനു മാത്രമായി തുക ചെലവഴിച്ചു - ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു

2015-16 സാമ്പത്തിക വർഷത്തിൽ 22/15-16 എന്ന് പ്രോജക്ട് പ്രകാരം (പദ്ധതിനിർവ്വഹണവും മോണിറ്ററിംഗം) വികസനഫണ്ടിൽ നിന്നും 1,49,330/- രൂപ വകയിരുത്തുകയും 1,00,080/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിനു വേണ്ടി മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. കൂടാതെ സ.ഉ (കൈ) നം.395/13/തസ്വഭവ തീയതി.30.12.2013 പ്രകാരവും സ.ഉ (കൈ) നം.362/13/തസ്വഭവ തീയതി.16.11.2013 ലെ ഖണ്ഡിക 19 (മോണിറ്ററിംഗം സോഷ്യൽ ഓഡിറ്റും) പ്രകാരവും വിവിധ പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്നാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണോദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് ഗ്രൂപ്പിന്റെ കൺവീനറായി ഗ്രൂപ്പിലെ മറ്റൊരുദ്യോഗസ്ഥനെ തീരുമാനിക്കേണ്ടതും അക്കാര്യം സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ വിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

### 3-5 ശുചിത്വമിഷൻ ഫണ്ട് ലാപ്സായി - പഞ്ചായത്തിന്റെ അനാസ്ഥ

2013-14സാമ്പത്തിക വർഷം ഖരമാലിന്യ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജില്ലാ ശുചിത്വ മിഷൻ 8,10,000/- (ചെക്ക് നം. 0578137 തീയതി. 23.04.2013) ഗ്രാന്റായി അനുവദിച്ചു നൽകി. പ്രസ്തുത തുക ബാധ്യതാ ഹെഡിൽ വരവ് വയ്ക്കുന്നതിന് പകരം റവന്യൂ വരവിനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി തുക ശുചിത്വ മിഷന്റെ നിർദ്ദേശനുസരണം പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്താതെ പഞ്ചായത്തിന്റെ തനത് ചെലവുകൾക്കായി വിനിയോഗിച്ചു. ശുചിത്വ മിഷൻ വിനിയോഗ സാക്ഷ്യപത്രം (864/D/14/SM 11.02.2015 ലെ കത്ത്) ആവശ്യപ്പെട്ടത് പ്രകാരം പഞ്ചായത്ത് ഗ്രാന്റ് തുക ശുചിത്വ മിഷനിൽ തിരികെ ഒടുക്കി (ചെക്ക് നം. 1274472 തീയതി. 23.04.2015) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.10) തനത് ഫണ്ടിന്റെ അപര്യാപ്തതമൂലവും ചില സാങ്കേതിക കാരണങ്ങളാലും പദ്ധതി നടപ്പിലാക്കാനായില്ല എന്ന് അറിയിച്ചു. ഗ്രാന്റ്, ശുചിത്വ മിഷന്റെ നിർദ്ദേശത്തിനു വിരുദ്ധമായി തനത് ചെലവുകൾക്കായി വിനിയോഗിച്ചതും വരവ് തെറ്റായി അക്കൗണ്ട് ചെയ്തതും ക്രമവിരുദ്ധമാണ്. യഥാസമയം പ്രോജക്ട് തയ്യാറാക്കി ഫണ്ട് വിനിയോഗിക്കാത്തത് പഞ്ചായത്തിന്റെ അനാസ്ഥയാണ്. ഗ്രാന്റുകൾ, അവ അനുവദിച്ചു നൽകിയ സ്ഥാപനത്തിന്റെ, നിർദ്ദേശത്തിനനുസൃതമായും സമയബന്ധിതമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-6 ആശ്രയ പദ്ധതി - അനാസ്ഥമൂലം പദ്ധതി പാളുന്നു.

പത്താം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി സമൂഹത്തിലെ അശരണരും അഗതികളുമായ വിഭാഗങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിലേക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നിർദ്ദേശ പ്രകാരം കുടുംബശ്രീ, അയൽക്കൂട്ട സംവിധാനം, സാമൂഹിക സുരക്ഷിതത്വ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും ടി ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് ഗ്രാമസഭ, പഞ്ചായത്ത് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. 16.11.2013 ലെ സ.ഉ.(കൈ)നം. 362/2013/തസ്വഭവ പ്രകാരം ആശ്രയയ്ക്ക് വേണ്ടി എല്ലാവർഷവും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. മറ്റു പദ്ധതികൾ നടപ്പാക്കുമ്പോൾ ആശ്രയ പട്ടികയിലുൾപ്പെട്ടവർക്ക് മുൻഗണന നൽകേണ്ടതുമുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തുന്ന അടങ്കലിന്റെ 40% മോ 25,00,000/- രൂപ വരെയോ കുടുംബശ്രീ മിഷനിൽ നിന്നും ധനസഹായവും ലഭിക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് ഒന്നാം ഘട്ടത്തിന്റെ ആദ്യപാദത്തിനായി 2008-09 ൽ 40,39,500/- രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുകയും 23,02,000/- രൂപ (പ്ലാൻ ഫണ്ടിൽ നിന്ന് 8,02,000/- രൂപയും ചലഞ്ച് ഫണ്ടിൽ നിന്ന് 15,00,000/- രൂപയും) ലഭ്യമാക്കുകയും ചെയ്തു. എങ്കിലും ഇതിൽ 11,52,470/-രൂപ (പ്ലാൻ ഫണ്ടിൽ നിന്ന് 8,02,000/- രൂപയും ചലഞ്ച് ഫണ്ടിൽ നിന്ന് 3,50,470/- രൂപയും) മാത്രമെ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചുള്ളൂ. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കാതെ തുടർസേവനങ്ങൾക്കായി (11/2013 വരെ) ചലഞ്ച് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ആശ്രയ പട്ടികയിലുൾപ്പെട്ടവർക്ക് മറ്റു പദ്ധതികളിൽ മുൻഗണന നൽകണമെന്നുള്ള വ്യവസ്ഥ പാലിക്കാതെ ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ഒന്നാം ഘട്ടത്തിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം ഘട്ടം ആസൂത്രണം ചെയ്യേണ്ടതെങ്കിലും പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി രണ്ടാം ഘട്ടത്തിലേക്കായി നാളിതുവരെ

ഗുണഭോക്കളെ കണ്ടെത്തി പട്ടികയ്ക്ക് അംഗീകാരം നേടുകയോ പദ്ധതി ആസൂത്രണം ചെയ്യുകയോ ചെയ്തിട്ടില്ല. പട്ടിക തയ്യാറാക്കി അംഗീകരിച്ച് പ്രൊപ്പോസൽ നൽകാത്തതിനാൽ കുടുംബശ്രീ മിഷനിൽ നിന്നും രണ്ടാം ഘട്ടത്തിന് ധനസഹായം ലഭിച്ചിട്ടുമില്ല. ആയതിനാൽത്തന്നെ 2015-16 സാമ്പത്തിക വർഷത്തിൽ 027/15-16 എന്ന പ്രോജക്ട് പ്രകാരം പൊതുവിഭാഗം ആശ്രയയ്ക്ക് വേണ്ടി 56,350/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിരുത്തിയിരുന്നുവെങ്കിലും തുക ചെലവഴിക്കുവാനും സാധിച്ചിട്ടില്ല. നിലവിൽ ചലഞ്ച് ഫണ്ടിൽ 12,88,934/- രൂപ (പലിശ ഉൾപ്പെടെ) ബാക്കി നിൽക്കുന്നു.

അശരണരും അഗതികളുമായ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ദീർഘ വീക്ഷണത്തോടെ സർക്കാർ വിഭാവനം ചെയ്ത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അനാസ്ഥമൂലം പരാജയപ്പെട്ടിരിക്കുന്നു. ദരിദ്രജനവിഭാഗങ്ങൾ കൂടുതലുള്ള അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനപ്പെടുമായിരുന്ന പദ്ധതിയാണ് പരാജയപ്പെട്ടിരിക്കുന്നത്. വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | - | - | ഇല്ല | ഇല്ല | - |
| ബ്ലോക്ക് പഞ്ചായത്ത് | - | - | ഇല്ല | ഇല്ല | - |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | ബിൽ/ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ. ബി | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | ഡിഡി നം. 100414/ 04.04.2016 | 2,00,000 | 2,00,000 | പണി പുരോഗമിക്കുന്നു. | - |
| കെ.എസ്. ഇ. ബി | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | ഡിഡി നം. 100415/ 04.04.2016 | 2,51,982 | 2,51,982 | പണി പുരോഗമിക്കുന്നു. | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവ്യത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| - | - | - | - | - | | - |

### 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | - | - | - | - |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നിരതദ്രവ്യം | ഇല്ല |
| സെക്യേർഡ് ഡിപ്പോസിറ്റ് | ഇല്ല |
| റിടെൻഷൻ തുക | ഇല്ല |
| മറ്റുള്ളവ | ഇല്ല |

| | |
|---|---|
| ആകെ | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| - | - | - | - |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമപഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | വർഷം | തീയതി | | | | |
| സി.എച്ച്.സി, അഞ്ചുതെങ്ങ് | 22.06.2005 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 20882514/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 34221658/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 1000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം /<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 4,70,000/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2.2 | ₹ 1000/- | ശ്രീമതി.എൻ.ലിസി - സെക്രട്ടറി |

*(സി) ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | ₹ 4,00,000/- | ശ്രീ.ബിനു പ്രസാദ്., വി.ഇ.ഒ |
| 3.2 | ₹ 70,000/- | ഡോ.സാബു.ആർ., മെഡിക്കൽ ഓഫീസർ (ഹോമിയോ) |

*(ഡി) സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| - | - | - |

*(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | ₹ 4,00,000/- | ശ്രീ.ബിനു പ്രസാദ്., വി.ഇ.ഒ |
| 3.2 | ₹ 70,000/- | ഡോ.സാബു.ആർ., മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(എഫ് )കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എച്ച് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എൻ.ലിസി. സെക്രട്ടറി | വിരമിച്ചു | ഉത്രാടം, പൂരവൂർ, ചിറയിൻകീഴ് |
| ശ്രീ.ബിനു പ്രസാദ്., വി.ഇ.ഒ | വി.ഇ.ഒ., ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | ചെട്ടിത്തൊടി വീട്, വക്കം പി.ഒ |
| ഡോ.സാബു.ആർ., മെഡിക്കൽ ഓഫീസർ (ഹോമിയോ) | ലഭ്യമല്ല | ചൈതന്യം, ചാവർകോട്, പാരിപ്പള്ളി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് -

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | LFTDGP8.157/08 Dated. 01-07-2014 | - | - |
| 2006-07 | LFTDGP8.29206/09 Dated. 01-07-14 | - | - |
| 2007-08 | LFTDGP8./ 1223/09 Dated. 01-07-14 | - | - |
| 2008-09 | LFTDGP.8/1166/11 Dated.01-07-2014 | - | - |
| 2009-10 | LFTDGP.8/ 1167/11 Dated. 01-07-14 | - | - |

| | | | |
|---|---|---|---|
| 2010-11 | LFTDGP.8/ 2421/12 Dated. 01-07-14 | - | - |
| 2011-12 | LFDGP.8/1106/13 Dated. 05-10-13 | - | - |
| 2012-13 | LFTDGP.8/2583/14 Dated. 20-02-15/12-06-15 | - | - |
| 2013-14 | LFTDGP.8/1351/2015 Dated. 19-10-15 | - | - |
| 2014-15 | LFTDGP.8/1082/16 Dated. 30.06.16 | - | |

ഒപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

**1**

അനുബന്ധം

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളു മൊഴികെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പി ക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12-ലെ നമ്പർ- 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകൾ

1-സ്ഥാപനത്തിന്റെ മുഴുവൻ ആസ്തിവിവരവും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2-സ്റ്റോക്ക് & സ്റ്റോർസ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3-2015-16 വാർഷിക പദ്ധതിയിൽ വിവിധ വിഭാഗങ്ങൾക്ക് പ്രത്യേക പദ്ധതിയിൽ നിന്ന് ലഭ്യമാക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 12000/-രൂപ വരവായി കാണുന്നു. പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.